മാതൃഭൂമി
01 July 2020

# മത്സ്യലഭ്യത: ദേശീയതലത്തിൽ നേരിയ വർധന

കൊച്ചി▸ രാജ്യത്തെ മൊത്തം സമുദ്രമത്സ്യോത്പാദനത്തിൽ കഴിഞ്ഞ വർഷം 2.1 ശതമാനത്തിൻെറ വർധനയുണ്ടായതായി പഠനം. കേന്ദ്ര സമുദ്രോത്പന്ന ഗവേഷണസ്ഥാപനത്തിൻെറ (സി.എം.എഫ്.ആർ.ഐ.) വാർഷിക പഠന റിപ്പോർട്ടിലാണിത് പറയുന്നത്.

ഇന്ത്യയിൽ ലഭിച്ചത് 35.6 ലക്ഷം ടൺ മത്സ്യമാണ്. ഉത്പാദനത്തിൽ കേരളം മൂന്നാംസ്ഥാനം നിലനിർത്തി. ആറുവർഷമായി തുടർച്ചായി ഒന്നാംസ്ഥാനത്തായിരുന്ന ഗുജറാത്തിനെ തമിഴ്നാട് മറികടന്നു. ഇന്ത്യയിലെ ആകെയുള്ള മത്സ്യലഭ്യതയിൽ 21.7 ശതമാനവും തമിഴ്നാട്ടിൽനിന്നാണ്. കേരളത്തിൻെറ സംഭാവന 15.3 ശതമാനം.

കഴിഞ്ഞ വർഷമുണ്ടായ എട്ട് ചുഴലിക്കാറ്റുകൾ കാരണം മീൻപിടിത്തത്തിനു പോകുന്ന ദിവസങ്ങളിലും കുറവുണ്ടായി. പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ്, ഒഡിഷ, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ മത്സ്യലഭ്യത കൂടിയപ്പോൾ കേരളത്തിന് പുറമേ, മഹാരാഷ്ട്ര, ഗോവ എന്നിവിടങ്ങളിൽ ലഭ്യത കുറഞ്ഞു.

2019-ൽ രാജ്യത്താകെ ലാൻഡിങ് സെൻററുകളിൽ വിറ്റഴിക്കപ്പെട്ടത് 60,881 കോടി രൂപയുടെ മത്സ്യമാണ്. മുൻവർഷത്തെക്കാൾ 15.6 ശതമാനമാണ് വർധന. കേരളത്തിൽ 12,387 കോടി രൂപയുടെ മത്സ്യമാണ് ലാൻഡിങ് സെൻററുകളിൽ വിറ്റത്. 20.35 ശതമാനത്തിൻെറ വർധനയുണ്ടായെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ മൂന്നുമാസംകൊണ്ട് 3481 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലെ സമുദ്രോത്പന്ന മേഖലയിൽ ഉണ്ടായിട്ടുള്ളത്.